**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2497** **27-02-2023 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിൽ സ്ഥല ലഭ്യത അനുസരിച്ച് വ്യവസായ പാർക്ക് ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാടിന്റെ വ്യാവസായിക പിന്നോക്കാവസ്ഥ കണക്കിലെടുത്തും സ്ഥല ലഭ്യത അനുസരിച്ചും വ്യവസായ പാർക്ക് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കുട്ടനാടിന്റെ വ്യാവസായിക വികസനത്തിന്റെ ഭാഗമായി നെല്ലിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ ഉത്പാദനവും അതുവഴി കാർഷിക മേഖലയുടെ സമഗ്രവികസനവും ലക്ഷ്യമാക്കി ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ സംയോജിത റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ കൂടുതൽ നെല്ല്, കച്ചി, മത്സ്യം എന്നിവയുടെ മൂല്യവർദ്ധിത വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | സ്വകാര്യ മേഖലയിൽ ആരംഭിക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടത്തി വരുന്നുണ്ട്.<br><br>നെല്ല്, കച്ചി, മത്സ്യം എന്നിവ ഉൾപ്പെടെയുള്ളവയുടെ വിവിധ മൂല്യവർദ്ധിത വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നത് പ്രോത്സാഹിപ്പിക്കുവാൻ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി വിവിധ സാമ്പത്തികസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. താഴെപ്പറയുന്ന വിവിധ പദ്ധതികൾ വഴി അത്തരം സംരംഭങ്ങൾക്ക് സബ്സിഡി, പലിശ ഇളവ് എന്നിവ ഉൾപ്പെടെയുള്ള ധനസഹായം നിബന്ധനകൾക്ക് വിധേയമായി അനുവദിച്ച് വരുന്നു.<br><br>1. സംരംഭക സഹായ പദ്ധതി (ESS)<br><br>2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി<br><br>3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്<br><br>4. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)<br><br>5. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി |

| | | | |
|---|---|---|---|
| | | | 6. ഒരു കുടുംബം ഒരു സംരംഭം പദ്ധതി<br><br>7. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായം. |

സെക്ഷൻ ഓഫീസർ